# നോമ്പുകാലം
## വചന വിചിന്തനം
### നോമ്പുകാലം ആറാം ഞായർ
യോഹ 10,11-18

> നമ്മുക്ക് സ്വന്തമായവയെ നാം ഹൃദയത്തോട് ചേർത്തുപിടിക്കുന്നു. അതുപോലെതന്നെ, സ്വന്തമല്ലാത്തവയെ അകറ്റിനിർത്തുകയും ചെയ്യുന്നു. കാരണം, വചനം സാക്ഷ്യപ്പെടുത്തുന്നു,
> "ഇടയനല്ലാത്തവനും ആടുകൾ സ്വന്തമല്ലാത്തവനുമായ കൂലിക്കാരൻ ചെന്നായ് വരുന്നതു കാണുമ്പോൾ ആടുകളെ ഉപേക്ഷിച്ച് ഓടിപ്പോകുന്നു" (യോഹ 10,12).

"ഇടയധർമ്മത്തെ" മുന്നിൽ വച്ച് "മനുഷ്യധർമ്മത്തെ" വ്യാഖ്യാനിക്കുന്ന ക്രിസ്തുവിനെയാണ് സുവിശേഷകൻ പരിചയപ്പെടുത്തുന്നത്. "നല്ല ഇടയന്റെ" ധർമ്മമെന്താണോ, അത് തന്നെയാണ് "നല്ല മനുഷ്യന്റെ" ധർമ്മമെന്നും ക്രിസ്തു വ്യാഖ്യാനിക്കുകയാണ്. നല്ല ഇടയന്റെ സവിശേഷമായ സ്വഭാവം, "നല്ല ഇടയൻ ആടുകൾക്കുവേണ്ടി ജീവൻ അർപ്പിക്കുന്നു" (യോഹ 10,11) എന്നുള്ളതാണ്. നല്ല മനുഷ്യന്റെയും സവിശേഷ സ്വഭാവമാക്കി മാറ്റേണ്ട നന്മയും വിശുദ്ധിയും ഇതുതന്നെയാണ്; "തന്റെ പ്രിയപ്പെട്ടവരുടെ ജീവന്റെ കാലാളാവുക... അതിനുവേണ്ടി ജീവൻ അർപ്പിക്കേണ്ടിവന്നാൽപ്പോലും സന്നദ്ധനാവുക." കാരണം, വചനം പറയുന്നു;

"സ്നേഹിതർക്കുവേണ്ടി ജീവൻ അർപ്പിക്കുന്നതിനെക്കാൾ വലിയ സ്നേഹം ഇല്ല" (യോഹ 15:13).

ചുരുക്കത്തിൽ, വചനഭാഗത്തിലൂടെ ക്രിസ്തു പറയുന്നത്; "നിന്റെ സഹോദരനെ നേടുന്നതിനുവേണ്ടി നീ കഷ്ടപ്പെടേണ്ടി വന്നാൽപ്പോലും അതിന് തയ്യാറാവുക." ഇന്ന്, പലപ്പോഴും നമുക്ക് സാധിക്കാത്ത വസ്തുതയും ഇത് തന്നെയാണ്. എങ്ങനെയായിരിക്കണം, സഹോദരനുവേണ്ടി ജീവൻ ബലിയർപ്പിക്കേണ്ടതെന്നും വചനഭാഗം പഠിപ്പിക്കുന്നുണ്ട്;

"ആരും എന്നിൽനിന്ന് അതു പിടിച്ചെടുക്കുകയല്ല, ഞാൻ അതു സ്വമനസ്സാ സമർപ്പിക്കുകയാണ്" (യോഹ 10,18).

> "ഞാൻ ജീവൻ അർപ്പിക്കുന്നതിനാൽ പിതാവ് എന്നെ സ്നേഹിക്കുന്നു..." നന്മ ചെയ്യുമ്പോൾ പിതാവ് എന്നെയും സ്നേഹിക്കും!

നിന്റെ സഹോദരനുവേണ്ടി ജീവൻ ബലിയർപ്പിക്കുന്നത് നിന്നിൽനിന്ന് മറ്റുള്ളവർ ബലമായി പിടിച്ചെടുക്കുന്നതുകൊണ്ടോ, മറ്റൊരു നിർവാഹവും ഇല്ലാത്തതുകൊണ്ടോ ആയിരിക്കരുത്. മറിച്ച്, നീ സ്വമനസ്സാ സമർപ്പിക്കുകന്നതായിരിക്കണം. ഇങ്ങനെയുള്ള സമർപ്പണങ്ങൾക്ക് വലിയ വിശുദ്ധിയുണ്ട്. ഇങ്ങനെയുള്ള സമർപ്പണങ്ങളെ കുറിച്ച് ക്രിസ്തു പറയുകയാണ്;

"ഞാൻ ജീവൻ അർപ്പിക്കുന്നതിനാൽ പിതാവ് എന്നെ സ്നേഹിക്കുന്നു" (യോഹ 10,17).

ചുരുക്കത്തിൽ, പിതാവിന്റെ സ്നേഹം സ്വന്തമാക്കാൻ ഞാൻ ചെയ്യേണ്ടത് സഹോദരന്റെ ജീവന്റെ കാവൽക്കാരനാവുക എന്നുള്ളത് മാത്രമാണ്. ജീവിതത്തിന്റെ പാതിയെ അവരുടെ വേദനയിലും, കഷ്ടപാടിലും, സഹനങ്ങളിലും, സങ്കടത്തിലും ഹൃദയത്തോട് ചേർത്തുപിടിക്കുമ്പോഴും, മാതാപിതാക്കൾ മക്കളുടെ സംരക്ഷകരാകുമ്പോഴും, മക്കൾ മാതാപിതാക്കൾക്കുമുമ്പിൽ കാരുണ്യമായി കത്തിജ്വലിക്കുമ്പോഴും, അയൽക്കാരന്റെ വേദനയിൽ ആശ്വാസമായി കടന്നുചെല്ലുമ്പോഴും "നല്ല ഇടയനായ്" നാം മാറ്റപ്പെടുക

യാണ്. അതുവഴിയായ് നാം പിതാവിന്റെ സ്നേഹം സ്വന്തമാക്കുകയും ചെയ്യുന്നു.

വി.മർക്കോസിന്റെ സുവിശേഷ വ്യാഖ്യാനമനുസരിച്ച് സ്വർഗ്ഗത്തിന്റെ സൗഭാഗ്യങ്ങൾ വെടിഞ്ഞ് ക്രിസ്തു മനുഷ്യനായതിന്റെ രഹസ്യം ഒറ്റ വാക്യത്തിൽ കുറിച്ച് വച്ചരിക്കുന്നത് ഇപ്രകാരമാണ്;

"മനുഷ്യപുത്രൻ (മിശിഹാ) വന്നിരിക്കുന്നത്, ശുശ്രൂഷിക്കപ്പെടാനല്ല, ശുശ്രൂഷിക്കാനും സ്വന്തം ജീവൻ അനേകർക്കു വേണ്ടി മോചനദ്രവ്യമായി നൽകാനുമത്രേ" (മർക്കോ 10:45).

ഇത്രയും ബോദ്ധ്യം സ്വന്തമാക്കിയവനാണ് "നല്ല ഇടയന്റെ" ജീവിതശൈലിയെ കുറിച്ച് പറയുകയും പഠിപ്പിക്കുകയും ചെയ്യുന്നത്. ശുശ്രൂഷിക്കാനും സ്വന്തം ജീവൻ അനേകർക്കുവേണ്ടി മോചനദ്രവ്യമായി നൽകുവാനും വന്നവനെയാണ് ഞാൻ അനുഗമിക്കുന്നതെങ്കിൽ, അവന്റെ ജീവിതശൈലിയാണ് ഞാൻ സ്വന്തമാക്കാൻ പരിശ്രമിക്കുന്നതെങ്കിൽ സ്വജീവൻ ബലിയർപ്പിക്കുന്നത് ഒരു നഷ്ടമല്ല. കാരണം, വചനം സാക്ഷ്യപ്പെടുത്തുന്നു;

"സ്വന്തം ജീവൻ രക്ഷിക്കാൻ ആഗ്രഹിക്കുന്നവൻ അതു നഷ്ടപ്പെടുത്തും; ആരെങ്കിലും എനിക്കുവേണ്ടിയോ സുവിശേഷത്തിനുവേണ്ടിയോ സ്വന്തം ജീവൻ നഷ്ടപ്പെടുത്തിയാൽ അവൻ അതിനെ രക്ഷിക്കും" (മർക്കോ 8,35).

ദേശാടനത്തിനു പോയ കിളികളിൽ ഒരു കിളിയുടെ ചിറകിനൊരു തളർച്ച. സമുദ്രവഴിയുടെ പാതിയെ പിന്നിട്ടിട്ടൊള്ളു. വിശ്രമിക്കാമെന്നു കരുതിയാൽ സമുദ്രത്തിൽ കരയെവിടെ. അങ്ങ് ദൂരെയൊരു ദ്വീപുണ്ട് അതാണ് ഇടത്താവളം, അവിടുന്നാണ് ആഹാരവും വിശ്രമവും തുടർ യാത്രയും. അവിടേക്കെത്തണമെങ്കിൽ മൈലുകൾ വീണ്ടും പറക്കണം. ഇല്ല എനിക്കെത്താനാവില്ല, പാതി വഴിയേ തളർന്നു വീഴും. കൂടെയുള്ള പക്ഷികളെല്ലാം പിന്തിരിഞ്ഞു നോക്കാതെ പറക്കുകയാണ്. ഒരുമിച്ച് പറക്കണം പരസ്പരം ശ്രദ്ധിക്കണമെന്നൊക്കെ പറഞ്ഞിട്ട് ആരും ശ്രദ്ധിക്കുന്നില്ല. അവരെല്ലാം ദൂരെയെത്തി, എന്റെ നിലവിളിയും അവർ കേൾക്കുന്നില്ല. ഇല്ല, ഇനി എനിക്ക് പറക്കുവാൻ സാധിക്കുകയില്ല. ചിറകുകൾ തളരുന്നു, കുഴയുന്നു. ഈ മഹാസമുദ്രത്തിൽ മരണപ്പെടാനാണെന്റെ വിധി. മോഹങ്ങളും സ്വപ്നങ്ങളും പാതി വഴിക്ക് ഉപേക്ഷിക്കേണ്ടി വന്നല്ലോ.

"എന്റെ ദൈവമേ..." എന്നുള്ള വലിയ നിലവിളിയോടെ ദേശാടനക്കിളി നിലയില്ലാ ഉൾക്കടലിൽ വീണിരിക്കുന്നു. സ്രാവുകളും മറ്റ് ഇരപിടിയൻ മത്സ്യങ്ങളും തേർവാഴ്ച്ച നടത്തുന്ന ഈറ്റില്ലം. ചിറകുകൾ നനഞ്ഞു, പപ്പും തൂവലും നനഞ്ഞു. വെള്ളത്തിന്റെ ശൈത്യ ഭാവം ദേഹം മരവിപ്പിക്കുന്നു. തന്റെ പ്രിയപ്പെട്ടവരെല്ലാം മനസ്സിലൂടെ ഇടിമിൽ പോലെ മിമറഞ്ഞു. ഇനിയവരെ ഒരിക്കലും കാണാൻ പറ്റില്ലല്ലോ. അവസാനമായവൾ, ആ കൊച്ചു പക്ഷി ശ്വാസം ആഞ്ഞു വലിച്ചു. അപ്പോഴേക്കും കഴുത്ത് വരെ മുങ്ങിയിരുന്നു.

ഇതെല്ലാം കണ്ടൊരു തിമിംഗലം അല്പം ദൂരത്തുണ്ടായിരുന്നു. ആ നീല തിമിംഗലം അവളുടെ അടിയിൽ വന്നൊന്ന് പൊങ്ങി. തളർന്ന് നനഞ്ഞ ചിറകുള്ള പക്ഷി ഇപ്പോൾ തിമിംഗലത്തിന്റെ വിശാലമായ പുറത്ത് തളർന്നു കിടക്കുന്നു. അവളെയും വഹിച്ച് കൊണ്ട് തിമിംഗലം ദ്വീപ് ലക്ഷ്യമാക്കി കുതിച്ചു. വെള്ളത്തിന്റെ മുകളിലൂടെ ഒരു പാറക്കഷ്ണം ഒഴുകി വരുപോലെ തോന്നിച്ചു. ആകാശം വെള്ള കീറി, കറുത്ത കാർമേഘങ്ങൾ അപ്രത്യക്ഷമായി. ആ കൊച്ചുപക്ഷിയുടെ ദേഹത്തേക്ക് സൂര്യകിരണങ്ങളടിക്കാൻ തുടങ്ങി.

സൂര്യന്റെ ചൂടിൽ ചിറകുകൾ ഉണങ്ങി. അവൾ ചിറകൊന്ന് കുടഞ്ഞു, ക്ഷീണമെല്ലാം പമ്പ കടിരിക്കുന്നു. ചിറകിന്റെ തളർച്ച പൂർണ്ണമായും മാറിയിരിക്കുന്നു. അപ്പോഴേക്കും തിമിംഗലം ആ ദ്വീപിനടുത്തെത്തിയിരുന്നു. ആ കിളിയുടെ കണ്ണിൽ നിന്നും ഒരു തുള്ളി

ആടുകളെ കുറിച്ച് താത്പര്യമില്ലാത്തവൻ ചെന്നായ് വരുന്നതു കാണുമ്പോൾ ഓടിപോകുന്നു. മറ്റുള്ളവരെ സഹായിക്കാൻ ഓടിചെല്ലുന്നില്ലെങ്കിൽ അതിനുള്ള കാരണവും ഇതുതന്നെയാണ്...

കണ്ണുനീർ ഇറ്റു വീണു. നന്ദി സൂചകമായി തന്റെ കൊക്ക് കൊണ്ട് തിമിംഗലത്തിന്റെ ദേഹത്ത് ഉരസി.

അത് മനസ്സിലാക്കിയ തിമിംഗലം സ്നേഹത്തിന്റെ, കനിവിന്റെ, ആർദ്രതയുടെ, സന്തോഷത്തിന്റെ, സഹായത്തിന്റെ രോമാഞ്ചം പൂണ്ടു. തിമിഗലം പോകുന്നതുവരെ ആ കിളി അവിടെ വട്ടമിട്ട് പറന്നു. ആ തിമിംഗലം കടലിന്റെ ആഴത്തിലേക്ക് നീന്തി മറഞ്ഞു. കൂടെ പറന്ന ദേശാടനകിളികളെത്തും മുമ്പേ ആ കിളിയാ ദ്വീപിൽ എത്തിച്ചേർന്നു. അവൾ പഴങ്ങൾ കഴിച്ചു. പറന്നു വരുന്ന ദേശാടനക്കിളികളെ നോക്കി അവൾ തീരത്തുള്ള ഒരു മരക്കൊമ്പിൽ കാത്തിരിക്കാൻ തുടങ്ങി.

നിന്റെ അവസാനമെന്ന് മറ്റുള്ളവർ ചിന്തിക്കുന്നുവെങ്കിൽ നിനക്കു വിഷമം വേണ്ടാ. നിന്നെ പരിഹസിച്ചവർ, പിന്നിൽ തള്ളിയവർ, അവരെത്തും മുമ്പേ നീയെത്തും. എന്നിട്ടവർക്കു വേണ്ടി കാത്തിരിക്കും. അവരത് കണ്ടു അത്ഭുതപ്പെടും. ജീവിതം അതാണ്.

പ്രതീക്ഷ നഷ്ടപ്പെടുമ്പോൾ നീയറിയാതെ ഒരത്ഭുതം നിന്നെ തേടിയെത്തുന്നുണ്ടെങ്കിൽ നീ തിരിച്ചറിയുക നിന്നെയും കാക്കുന്ന, നിന്നെയും പോറ്റുന്ന "നല് ഇടയൻമാർ" നിനക്ക് ചുറ്റിലുമുണ്ടെന്ന്. അത് ചിലപ്പോൾ ഭർത്താവാകാം, ഭാര്യയാകാം, മക്കളാകാം, മതാപിതാക്കളാകാം, സഹോദരങ്ങളാകാം, ബന്ധുക്കളാകാം, അയൽക്കാരാകാം; എന്തിനേറെ, നിന്റെ ശത്രുക്കൾ വരെ നല്ല ഉടയൻമാരായി നിനക്ക് മുന്നിൽ അവതരിച്ചെന്നും വരാം.

ക്രിസ്തു തന്നെ കുറിച്ച പറയുന്നത്;
"ഞാൻ നല്ല ഇടയനാണ്..."
നീ നിന്നെ കുറിച്ച്
എന്തു പറയുന്നു?

"നല്ല ഇടയൻമാർ" ഒരിക്കലും മറ്റുള്ളവരുടെ ആവശ്യങ്ങളിലും സങ്കടങ്ങളിലും അവരിൽ നിന്ന് ഓടിപോകുന്നില്ല. മറിച്ച്, നല്ല ഇടയൻമാർ എന്നുള്ള വ്യാജ്യനേ വരുന്നവർ ചെന്നായ് വരുന്നതു കാണുമ്പോൾ, മറ്റുള്ളവരുടെ ആവശ്യങ്ങളിൽ അവരെ സഹായിക്കാതെ ഓടി പോകുന്നു. കാരണം, അവൻ ഓടിപ്പോകുന്നതു കൂലിക്കാരനായതു കൊണ്ടും ആടുകളെപ്പറ്റി താത്പര്യമില്ലാത്തതുകൊണ്ടുമാണ്. എങ്കിൽ, വചനഭാഗം സമ്മാനിക്കുന്ന ചിന്തകൾ;

1. നല്ല ഇടയൻമാരായി മാറ്റപ്പെടുക
2. സഹജീവികളെ കുറിച്ച് താത്പര്യം ഉണ്ടാക്കുക.

***"സത്കർമത്തിൽ സ്ഥിരതയോടെനിന്ന്***
***മഹത്വവും ബഹുമാനവും അക്ഷയത്വവും അന്വേഷിക്കുന്നവർക്ക്***
***അവിടുന്നു നിത്യജീവൻപ്രദാനംചെയ്യും."***

റോമ 2,7

ഫാ. ജോബി മേനോത്ത്
+91 9447777931